# അഞ്ച് വർഷത്തിനിടക്ക് 3858 വർഗീയ സംഘർഷങ്ങൾ

**2004** മുതൽ 2008 കൂടിയുള്ള അഞ്ചുവർഷങ്ങൾക്കിടയിൽ രാജ്യത്ത് ചെറുതും വലുതുമായ 3858 വർഗീയ സംഘർഷങ്ങൾ നടന്നതായി ആഭ്യന്തര സഹമന്ത്രി അജയ് മാക്കൻ രാജ്യസഭയിൽ അറിയിച്ചു. 2004ൽ 677, 2005ൽ 779, 2006ൽ 698, 2007ൽ 761, 2008ൽ 943 എന്നിങ്ങനെയാണ് വർഷം തിരിച്ചുള്ള കണക്ക്. 681 വർഗീയ സംഘർഷങ്ങളുമായി മഹാരാഷ്ട്രയാണ് മുന്നിൽ. മധ്യപ്രദേശ്(654), ഉത്തർപ്രദേശ്(613), കർണാടക (341), ഗുജറാത്ത് (326), ഒറീസ (243), രാജസ്ഥാൻ(217), ബീഹാർ(169), തമിഴ്നാട്(124), കേരളം(102) എന്നിങ്ങനെയാണ് പ്രധാന സംസ്ഥാനങ്ങളുടെ 'വർഗീയ നിലവാരം.' പശ്ചിമബംഗാൾ(71), പഞ്ചാബ്(11), ആസാം(35), ഛത്തീസ്ഗഢ്(27), ഗോവ(6), ഹരിയാന(11), ഹിമാചൽപ്രദേശ്(5) തുടങ്ങിയവയാണ് വർഗീയ സംഘർഷം കുറഞ്ഞ സംസ്ഥാനങ്ങൾ. ആൻഡമാൻ-നിക്കോബാർ ദ്വീപുകൾ, അരുണാചൽ പ്രദേശ്, ഛണ്ഡീഗഢ്, ദാദ്ര-നാഗർഹവേലി, ദാമൻ-ദിയു, ലക്ഷദ്വീപ്, മേഘാലയ, മിസോറാം, നാഗാലാന്റ്, പുതുച്ചേരി, സിക്കിം എന്നിവിടങ്ങളിൽ ഇക്കാലയളവിൽ വർഗീയാസ്വാസ്ഥ്യങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല.

## 'ഇസ്‌ലാമിക് ബാങ്ക് പൊതുസമൂഹത്തിന് പ്രയോജനപ്പെടും'

**മുസ്‌ലിം** സമൂഹത്തേക്കാളുപരി ഇന്ത്യൻ പൊതുസമൂഹത്തിന് ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയും ബാങ്കിംഗ് സംവിധാനവും പ്രയോജനം ചെയ്യുമെന്ന് ബ്രിട്ടനിലെ വിവിധ ബാങ്കുകളുടെയും ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങളുടെയും ശരീഅ ഉപദേശകനായ മുഫ്തി അബ്ദുൽ ഖാദിർ ബർകത്തുല്ല. 'ഇസ്‌ലാമിക് ബാങ്കിംഗ് ഇന്ത്യയിൽ നടപ്പാക്കുന്നതിനുള്ള പ്രധാന പ്രതിബന്ധം ഇവിടുത്തെ ബ്യൂറോക്രസിയുടെ മുൻധാരണകളാണ്. 15 വർഷം മുമ്പ് ബാങ്ക് ഓഫ് ഇംഗ്ലണ്ടും ഇസ്‌ലാമിക് ബാങ്കിംഗ് സംവിധാനത്തിനു നേരെ പുറംതിരിഞ്ഞാണ് നിന്നത്. എന്നാൽ ഭീകരതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശേഷം മുസ്‌ലിംകളെ കൂടുതൽ അടുപ്പിക്കാനുള്ള ബ്രിട്ടീഷ് സർക്കാറിന്റെ ശ്രമഫലമായും മുസ്‌ലിം സംഘടനകളുടെ സമ്മർദഫലമായും 2000ൽ ഇതിന് അനുവാദം നൽകുകയായിരുന്നു.'

ദാറുൽ ഉലൂം ദയൂബന്ദിൽനിന്ന് മുഫ്തി പട്ടം നേടിയ ബർക്കത്തുല്ല ലണ്ടനിൽനിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബി.എസ്‌സി ഓണേഴ്സും വെയ്ൽസ് യൂനിവേഴ്സിറ്റിയിൽനിന്ന് പിഎച്ച്.ഡിയും നേടി. ഇസ്‌ലാമിക് ബാങ്ക് ഓഫ് ബ്രിട്ടൻ, യുനൈറ്റഡ് നാഷ്നൽ ബാങ്ക്, ലോയ്ഡ്സ് ടി.എസ്.ബി, എ.ബി.സി ബാങ്ക് ഇന്റർനാഷ്നലിന്റെ അൽബുറാഖ് എന്നിവയിൽ ശരീഅ വിഭാഗത്തിൽ ജോലി ചെയ്യുന്നു. ഒരു മാസത്തെ ഇന്ത്യാ സന്ദർശനത്തിന് എത്തിയതായിരുന്നു അദ്ദേഹം.

## 'സാഹോദര്യത്തിന് വിദ്യാർഥി ശക്തി' എസ്.ഐ.ഒ ഉഡുപ്പി ജില്ലാ സമ്മേളനം

**'സാഹോദര്യത്തിന്** വിദ്യാർഥി ശക്തി' എന്ന പ്രമേയത്തിൽ എസ്.ഐ.ഒ ഉഡുപ്പി (കർണാട

ക) ജില്ലാ സമ്മേളനം നടന്നു. എസ്.ഐ.ഒ അഖിലേന്ത്യാ പ്രസിഡന്റ് കെ.കെ സുഹൈൽ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ 37 ശതമാനം പൗരന്മാരും ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുമ്പോഴും ഭീകരതയും അതിനെതിരായ യുദ്ധവുമാണ് ഇന്ത്യയിലെ മുഖ്യ വിഷയങ്ങൾ എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കർണാടക ഹൈക്കോടതിയിലെ ജസ്റ്റിസ് എം.എഫ് സൽദാന മുഖ്യാതിഥിയായിരുന്നു. കർണാടകയിൽ ഉടനീളം ന്യൂനപക്ഷങ്ങൾക്കെതിരെ നടക്കുന്ന വേട്ടയിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. ഭരണാധികാരികളും മാധ്യമങ്ങളും ഇക്കാര്യത്തിൽ കാര്യഗൗരവത്തോടെ ഇടപെടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. എസ്.ഐ.ഒ ദേശീയ സെക്രട്ടറി മുഹമ്മദ് ബിലാൽ, സംസ്ഥാന പ്രസിഡന്റ് ഷൗക്കത്ത് അലി, യൂത്ത് വിംഗ് കൺവീനർ മുഹമ്മദ് കുഞ്ഞി, വഖ്ഫ് ബോർഡ് ചെയർമാൻ ഖാലിദ് അഹ്മദ് സംബന്ധിച്ചു.

## തുല്യാവസര കമീഷൻ ബില്ലും വർഗീയ കലാപനിയന്ത്രണ ബില്ലും ഭേദഗതി ചെയ്യണം

**പാർലമെന്റ്** പാസാക്കാനിരിക്കുന്ന തുല്യാവസര കമീഷൻ (Equal Opportunity Commission) ബില്ലും വർഗീയ കലാപ നിയന്ത്രണ ബില്ലും നിലവിലുള്ള രീതിയിൽ അവതരിപ്പിച്ചാൽ ശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് ആൾ ഇന്ത്യാ മില്ലി കൗൺസിൽ. ദൽഹിയിൽ സംഘടിപ്പിച്ച പത്രസമ്മേളനത്തിൽ കൗൺസിൽ ജന. സെക്രട്ടറി ഡോ. മൻസൂർ ആലംഖാനാണ് ഇക്കാര്യം അറിയിച്ചത്. കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും മുംബൈ ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകനുമായ യൂസുഫ് ഹാതിം മുച്ചാലയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

വർഗീയ കലാപ നിയന്ത്രണ ബില്ലിന്റെ കരടിൽ അധികാരങ്ങൾ മുഴുവൻ നൽകിയിരിക്കുന്നത് സംസ്ഥാനങ്ങൾക്കാണ്. ഒരു മേഖലയിൽ ഉണ്ടാവുന്ന സംഘർഷങ്ങളുടെ യാതൊരു ഉത്തരവാദിത്വവും പോലീസ് ഉദ്യോഗസ്ഥർക്ക് ഉണ്ടായിരിക്കുകയുമില്ല. ഇരകൾക്ക് നഷ്ടപരിഹാരം നൽകേണ്ടതാവട്ടെ കലാപകാരികളും. ഇത്തരം ദുർബല വ്യവസ്ഥകൾ ചേർത്തു കെട്ടിയ ഈ ബിൽ ഉപയോഗശൂന്യവും കേവല തെരഞ്ഞെടുപ്പ് വാഗ്ദാന പൂർത്തീകരണവും മാത്രമാണ്. തുല്യാവസര കമീഷൻ ഉപദേശക പദവി മാത്രമുള്ള ഒന്നായാണ് ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്നത്. വിവരാവകാശ കമീഷനെപോലെ അധികാരമുള്ളതും സർക്കാറിന്റെ നയപരമായ തീരുമാനങ്ങളിൽ ഇടപെടാൻ പറ്റുന്നതുമായ ഒരു കമീഷൻ കൊണ്ടേ പ്രയോജനമുള്ളൂ - മില്ലി കൗൺസിൽ നേതാക്കൾ പറഞ്ഞു.

## അന്താരാഷ്ട്ര തബ്‌ലീഗ് സമ്മേളനം

**62-ാമത്** അന്താരാഷ്ട്ര തബ്‌ലീഗ് സമ്മേളനം ഭോപ്പാലിൽ നടന്നു. 5 ലക്ഷത്തിലധികം ആളുകൾ പങ്കെടുത്തു. ഇന്ത്യക്കു പുറമെ 40 വിദേശരാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിനെത്തിയിരുന്നു. സമ്മേളന വേദിയിൽ നടന്ന സമൂഹ വിവാഹത്തിൽ 410 ഇണകൾ വിവാഹിതരായി. മൗലാനാ സുബൈർ നിക്കാഹ് ഖുത്ബ നടത്തി. മധ്യപ്രദേശ് മുഖ്യമന്ത്രി ശിവ്‌രാജ്സിംഗ് ചൗഹാൻ, എം.പി.സി.സി പ്രസിഡന്റ് സുരേഷ് പച്ചൗരി എന്നിവർ സമ്മേളന നഗരി സന്ദർശിച്ചു.

## ഝാർഖണ്ഡിൽ അഞ്ച് മുസ്‌ലിം എം.എൽ.എമാർ

**ഈയിടെ** നടന്ന ഝാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ചത് 5 മുസ്‌ലിംകൾ. 81 അംഗ നിയമസഭയിൽ കഴിഞ്ഞതവണ മുസ്‌ലിം പ്രാതിനിധ്യം 2 ആയിരുന്നു. സർഫറാസ് അഹ്മദ്, മന്നാൻ മല്ലിക്ക് (കോൺഗ്രസ്), ആഖിൽ അഖ്തർ, ഹുസൈൻ അൻസാരി (ജെ.എം.എം), നിസാമുദ്ദീൻ അൻസാരി (ജെ.വി.എം) എന്നിവരാണ് പുതിയ മുസ്‌ലിം എം.എൽ.എമാർ.